**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരളം വിഭാവനം ചെയ്യുന്ന സുസ്ഥിരവും ആധുനികവുമായ റവന്യൂ മാതൃകയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | കേരളം വിഭാവനം ചെയ്യുന്ന റവന്യൂ ഭരണ മാതൃക സുസ്ഥിരത, സുതാര്യത, ഡിജിറ്റൽ കാര്യക്ഷമത, ജനസൗഹൃദ സേവനം എന്നിവയെ ആധാരമാക്കിയ ആധുനിക സംവിധാനമാണ്. ഇതിനായി രജിസ്ട്രേഷൻ, റവന്യൂ, സർവെ വകുപ്പുകൾ 'എന്റെ ഭൂമി' എന്ന ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ഭൂരേഖകൾ, നികുതി വിവരങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ ഒരേ ഇടത്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.<br><br>ഡിജിറ്റൽ സർവെ സംവിധാനങ്ങൾ ഉപയോഗിച്ച് ഭൂമിയുടെ അതിർത്തികൾ ശാസ്ത്രീയമായി നിർണ്ണയിക്കുകയും കൃത്യമായ ഭൂമി ഡാറ്റ സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ഭൂമി തർക്കങ്ങൾ കുറയ്ക്കുകയും രേഖകളുടെ വിശ്വാസ്യത വർധിപ്പിക്കുകയും ചെയ്യുന്നു. ഈ ഡിജിറ്റൽ ഇടപെടലുകൾ വഴി സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാകുകയും ജനവിശ്വാസം ഉറപ്പിക്കുന്ന സുസ്ഥിരവും ജനകേന്ദ്രിതവുമായ റവന്യൂ ഭരണ സംവിധാനം സംസ്ഥാനത്ത് രൂപപ്പെടുകയും ചെയ്യുന്നു. |
| (ബി) | ഭൂഭരണ രംഗത്തെ സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ വഹിക്കുന്ന പങ്ക് എപ്രകാരമാണ്; വ്യക്തമാക്കാമോ; | (ബി) | ഭൂമി സംബന്ധമായ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവും ജനസൗഹൃദവുമാക്കുക എന്നത് നല്ല ഭരണത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യ നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിൽ ഡിജിറ്റൽ പദ്ധതികൾ വഴി ഭൂമി രേഖകൾ, രജിസ്ട്രേഷൻ വിവരങ്ങൾ നികുതി സംബന്ധമായ സേവനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. ഇതിലൂടെ സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ടതിന്റെ ആവശ്യം |

| | | | |
|---|---|---|---|
| | | | കുറയുകയും സമയം, ചെലവ് എന്നിവ ലാഭിക്കുകയും ചെയ്യുന്നു. ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ നടപടികളിൽ സുതാര്യത ഉറപ്പാക്കുകയും ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുകയും ചെയ്യുന്നു. അപേക്ഷകളുടെ പ്രോസസ്സിംഗ് വേഗത്തിലാകുന്നതോടെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നു. ഡിജിറ്റൽ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാനും പുതുക്കിയ വിവരങ്ങൾ ലഭ്യമാക്കാനും കഴിയുന്നതിലൂടെ ഭൂമി ഉടമസ്ഥാവകാശ തർക്കങ്ങളും അതിർത്തി തർക്കങ്ങളും കുറയ്ക്കാൻ സാധിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഭൂഭരണ രംഗത്ത് ജനകേന്ദ്രിതവും വിശ്വസനീയവുമായ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിൽ നിർണായകമാണ്. |
| (സി) | ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഐ. എൽ. ഐ. എം. എസ്.) കേരളത്തിലെ ഭൂമി ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ട് വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഇൻഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ മാനേജെന്റ് സിസ്റ്റം (ILIMS) കേരളത്തിലെ ഭൂമി ഇടപാടുകളിൽ അടിസ്ഥാനപരവും സുതാര്യവുമായ മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസംബന്ധമായ വിവരങ്ങളും സേവനങ്ങളും 'എന്റെ ഭൂമി' എന്ന സംയോജിത ഡിജിറ്റൽ പോർട്ടൽ മുഖേന ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവെ മാപ്പുകൾ, വിസ്തീർണം, തണ്ടപ്പേർ വിവരങ്ങൾ ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നതോടെ ഭൂമി ഇടപാടുകളിലെ വിവര വ്യത്യാസങ്ങളും പിഴവുകളും ഗണ്യമായി കുറയുന്നു. ഇതുവവഴി ഭൂമി വാങ്ങൽ-വിൽപ്പന, രജിസ്ട്രേഷൻ തുടങ്ങിയ ഇടപാടുകളിൽ നിയമസുരക്ഷ ഉറപ്പുവരുത്താൻ സാധിക്കുന്നു.<br><br>ILIMS നടപ്പിലാക്കുന്നതിലൂടെ ഭൂനികുതി അടയ്ക്കൽ (Land tax), തണ്ടപ്പേർ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ, പോക്ക് വരവ്, പ്രിമ്യൂട്ടേഷൻ സ്കെച്ച്, ഭൂമി രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് പൂർണ്ണമായും ഓൺലൈനായി സമയബന്ധിതമായി ലഭ്യമാകുന്ന രീതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. നെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ എന്നിവ ഉൾപ്പെടെയുള്ള ഡിജിറ്റൽ പേയ്മെന്റ് മാർഗങ്ങൾ വഴി ഭൂനികുതി അടയ്ക്കുന്നതിനും, അടച്ച നികുതിയുടെ രസീത് ഓൺലൈനായി ഉടൻ ലഭ്യമാക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>ഭൂസേവനങ്ങളുടെ സമ്പൂർണ ഡിജിറ്റലൈസേഷനിലൂടെ ഓഫീസുകൾ നേരിട്ട് |

| | | | |
|---|---|---|---|
| | | | സമീപിക്കേണ്ട സാഹചര്യം കുറയുകയും ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാകുകയും ചെയ്യുന്നു. ഇതോടെ അഴിമതി സാധ്യതകൾ കുറയുകയും സുതാര്യതയും ഭരണക്ഷമതയും മെച്ചപ്പെടുകയും ചെയ്യുന്നു. പ്രവാസികൾ ഉൾപ്പെടെ ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും എന്റെ ഭൂമി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊബൈൽ നമ്പർ അല്ലെങ്കിൽ ആധാർ കാർഡ് ഉപയോഗിച്ച് അക്കൗണ്ട് തയ്യാറാക്കുക) ഏതൊരു വ്യക്തിക്കും ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിലെ ഭൂരേഖകളും സേവനങ്ങളും പ്രയോജനപ്പെടുത്താൻ സാധിക്കുന്നതും ILIMS സംവിധാനത്തിന്റെ പ്രധാന നേട്ടമാണ്.<br><br>"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന റവന്യൂ വകുപ്പിന്റെ ദർശനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവെ പൂർത്തിയാക്കി ILIMS സംവിധാനത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുവഴി കേരളത്തിലെ ഭൂമി ഇടപാടുകൾ കൂടുതൽ ലളിതവും വിശ്വാസ്യതയുള്ളതും പൗരസൗഹൃദവുമാകുന്നതാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ സാമൂഹ്യ -സാമ്പത്തിക വികസനത്തിൽ കുറ്റമറ്റ ഭൂരേഖകളുടെ പ്രാധാന്യം എന്താണ്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ കുറ്റമറ്റതും കൃത്യവുമായ ഭൂരേഖകൾക്ക് നിർണായക പ്രാധാന്യമുണ്ട്. വ്യക്തമായ ഭൂമി ഉടമസ്ഥാവകാശ രേഖകൾ ജനങ്ങളുടെ നിയമസുരക്ഷ ഉറപ്പാക്കുകയും ഭൂമി സംബന്ധമായ തർക്കങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു. ഇതിലൂടെ സാമൂഹ്യസ്ഥിരതയും പൊതുജന വിശ്വാസവും ശക്തിപ്പെടുന്നു. സാമ്പത്തിക വികസനത്തിന്റെ കാര്യത്തിൽ കൃത്യമായ ഭൂരേഖകൾ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്നു. വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, ഭൂഉപയോഗ ആസൂത്രണം എന്നിവ കാര്യക്ഷമമായി നടപ്പാക്കാൻ വിശ്വാസ്യതയുള്ള ഭൂമിഡാറ്റാ അനിവാര്യമാണ്. ഇക്കാര്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഡിജിറ്റൽ സർവെ നടപ്പാക്കുകയാണ്. ഇതിലൂടെ ഭൂമിയുടെ അതിർത്തികൾ ശാസ്ത്രീയമായി നിർണ്ണയിക്കുകയും കൃത്യമായ ജിയോസ്പേഷ്യൽ ഡാറ്റ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ഡാറ്റയെ ILIMS (Integrated Land Information Management System) വഴി ഏകീകരിച്ച് വിവിധ വകുപ്പുകളുടെ ഭൂമി വിവരങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം 'എന്റെ ഭൂമി' പ്ലാറ്റ്ഫോമിലൂടെ പൗരന്മാർക്ക് ഭൂരേഖകൾ, നികുതി വിവരങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നു. ഇതുവഴി സേവന വിതരണത്തിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ